# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 459 | 29.01.2019 - ൽ മറുപടിക്ക് |
|---|---|

### ജി.എസ്.ടി. റിട്ടേൺ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.എം. മാണി : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഡീലർമാരിൽ നിന്ന് ലഭിയ്ക്കേണ്ട ജി.എസ്.ടി. റിട്ടേൺ ഏതെല്ലാം രീതിയിലാണ് സംസ്ഥാന സർക്കാർ സ്വീകരിയ്ക്കുന്നത് എന്നറിയിക്കാമോ; | (എ) | ജി.എസ്.ടി നിയമപ്രകാരം, രജിസ്ട്രേഷനുള്ള വ്യക്തികൾ തങ്ങളുടെ ഒരു മാസത്തെ വാങ്ങലും വില്പനയും വെളിപ്പെടുത്തി നികുതിയടയ്ക്കുന്നത് റിട്ടേണുകൾ ഫയൽ ചെയ്താണ്. നിലവിൽ, ഒരു സാധാരണവ്യാപാരി തന്റെ പുറത്തേക്കുള്ള സപ്ലൈയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് ജി.എസ്.ടി.ആർ 1 ഫയൽ ചെയ്താണ്. ജി.എസ്.ടി.ആർ 2, ജി.എസ്.ടി.ആർ 3 എന്നിവയുടെ സമർപ്പണത്തിലുണ്ടായ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വ്യാപാരികൾക്ക് കൃത്യമായി റിട്ടേണുകൾ ഫയൽ ചെയ്ത് നികുതിയടയ്ക്കുന്നതിലേയ്ക്കായി ജി.എസ്.ടി.ആർ 3 ബി എന്ന റിട്ടേൺ പ്രാവർത്തികമാക്കി. കോമ്പാസിഷൻ സ്കീം തെരഞ്ഞെടുത്ത വ്യാപാരികൾ ജി.എസ്.ആർ 4 ആണ് ഫയൽ ചെയ്യേണ്ടത്. ഇൻപുട്ട് സർവ്വീസ് വിതരണം നടത്തുന്നവർ ജി.എസ്.ടി.ആർ 6 എന്ന റിട്ടേണും സ്രോതസ്സിൽ നികുതി പിരിക്കാൻ ബാധ്യസ്ഥരായവർ ജി.എസ്.ടി.ആർ 7, ഇ-കൊമേഴ്സ് വ്യാപാരം നടത്തുന്നവർ ജി.എസ്.ടി.ആർ 8 എന്ന റിട്ടേണുമാണ് ഫയൽ ചെയ്യേണ്ടത്. ഒരു വ്യാപാരിയുടെ ഒരു വർഷത്തെ കണക്കുകൾ ജി.എസ്.ടി.ആർ 9 |

| | | | |
|---|---|---|---|
| | | | എന്ന വാർഷിക റിട്ടേൺ വഴി അടുത്ത ധനകാര്യവർഷം ഡിസംബർ 31 ന് മുമ്പായി ഫയൽ ചെയ്യേണ്ടതാണ്. 2017-18 ലെ **ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി 2019 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്.** |
| (ബി) | റിട്ടേൺ നൽകിയില്ലെങ്കിൽ സർക്കാർ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ജി.എസ്.ടി നിയമപ്രകാരം, റിട്ടേണുകൾ ഫയൽ ചെയ്യുന്നത് വൈകിയാൽ വൈകിയ ഓരോ ദിവസത്തിനും 50/- രൂപ ലേറ്റ് ഫീസ് ഈടാക്കുന്നതാണ്. ജി.എസ്.ടി.ആർ 9 എന്ന വാർഷികറിട്ടേൺ ഫയൽ ചെയ്യാൻ **കാലതാമസം ഉണ്ടായാൽ ഈടാക്കാവുന്ന പരമാവധി ലേറ്റ് ഫീസ് ആ വ്യാപാരിയുടെ സംസ്ഥാനത്തെ മൊത്തം വിറ്റുവരവിന്റെ** കാൽശതമാനം വരെയാണ്. കൂടാതെ, നികുതി അടയ്ക്കാൻ വൈകിയാൽ 18% വാർഷികപലിശയും തെറ്റായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയോ ഔട്ട്പുട്ട് ടാക്സ് കുറയ്ക്കുകയോ ചെയ്താൽ 24% **വാർഷികപലിശയും ഈടാക്കുന്നതാണ്. എന്നാൽ, ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ** പ്രകാരം ഇത്തരം ലേറ്റ് ഫീ പലതവണയും ഒഴിവാക്കിയിട്ടുണ്ട്. അവസാനമായി 31-ാം ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം 2017 ജൂലൈ മുതൽ 2018 സെപ്റ്റംബർ വരെയുള്ള ജി.എസ്.ടി.ആർ 1, ജി.എസ്.ടി.ആർ 3 ബി **എന്നീ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി 2019 മാർച്ച് 31 വരെ നീട്ടുകയും** ലേറ്റ് ഫീ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ജി.എസ്.ടി നിയമത്തിൽ പ്രതിപാദിച്ച രീതിയിലുള്ള കർശനനടപടികൾ കൈകൊള്ളുന്നതിന് വകുപ്പിന് **പരിമിതികളുണ്ടെങ്കിലും റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്ത എല്ലാ വ്യാപാരികൾക്കും 3 എ എന്ന ഡിഫോൾട്ടർ നോട്ടീസ് ബാക്ക്എൻഡ് വഴി അയച്ചിട്ടുണ്ട്.** |
| (സി) | ലഭ്യമായ റിട്ടേണുകൾ ജി.എസ്.ടി. ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; അതിൻമേൽ എന്തെല്ലാം | (സി) | ജി.എസ്.ടി യിൽ റിട്ടേണുകളുടെ പരിശോധന പൂർണമാകണമെങ്കിൽ ഓരോ വ്യാപാരിയും അവരുടെ വാർഷികറിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ട്. 2017-18 |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | | സാമ്പത്തികവർഷത്തിലെ വാർഷികറിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി 2019 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട് എന്നിരുന്നാലും വ്യാപാരികൾ ഫയൽ ചെയ്ത ജി.എസ്.ടി.ആർ 1, ജി.എസ്.ടി.ആർ 3 ബി, ഓട്ടോജനറേറ്റഡ് ആയ ജി.എസ്.ടി.ആർ 2 എ എന്നീ റിട്ടേണുകൾ പരിശോധിച്ച് അവയിലെ വ്യത്യാസങ്ങൾക്കുള്ള നോട്ടീസുകൾ അയയ്ക്കുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥതലത്തിൽ പുരോഗമിച്ചുവരുന്നുണ്ട്. |
| (ഡി) | പരിശോധിയ്ക്കാത്ത എത്ര റിട്ടേണുകൾ ജി.എസ്.ടി. ഓഫീസിൽ നിലവിലുണ്ട്; ഇത് ദ്രുതഗതിയിൽ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | റിട്ടേണുകൾ എല്ലാ വിശദാംശങ്ങളോടുംകൂടി ഇതുവരെയും ഫയൽ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ഫയൽ ചെയ്തിട്ടുള്ള റിട്ടേണുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് പരിമിതികളുണ്ട്. കൂടാതെ, 2017-18 സാമ്പത്തികവർഷത്തിലെ ഇൻവോയ്സ്, ഡെബിറ്റ് നോട്ട്സ് എന്നിവയിൽ മാറ്റം വരുത്തി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യുന്നതിനുള്ള കാലപരിധി 2019 മാർച്ച് 31 വരെയും നീട്ടിയിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യത്തിൽ ഫലപ്രദമായ റിട്ടേൺ സ്കൂട്ടിണിയ്ക്ക് പരിമിതികളുണ്ട്. എന്നാൽ വാർഷിക റിട്ടേൺ സമർപ്പിക്കുന്നതോടുകൂടി കൃത്യമായ റിട്ടേൺ സ്കൂട്ടിനി ആരംഭിക്കുന്നതാണ്. കൃത്യമായ സ്കൂട്ടിനിയ്ക്ക് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ